(7) ശ്രീ. സി.എം. കുഞ്ഞഹമ്മദ് ''

(8) ശ്രീ. അബ്ദുൽ സലാം ''

(9) ശ്രീ. കെ.എ. ബാലൻ (സീനിയർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ)

(10) ശ്രീ. ആർ. ദിനകരൻ (ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ)

(സി) 5 (അഞ്ച്) പേരുടെ പേരിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്.

(1) ശ്രീ. സി.ജെ. മാത്യു, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (3 കേസുകൾ)

(2) ശ്രീ. എൻ.കെ. കനകരാജൻ '' (3 കേസുകൾ)

(3) ശ്രീ. എം.കെ. അശോകൻ '' (2 കേസുകൾ)

(4) ശ്രീ. അബ്ദുൽ സലാം '' (2 കേസുകൾ)

(5) ശ്രീ. കെ.എ. ബാലൻ '' (3 കേസുകൾ)

(ഡി) ഇല്ല. അച്ചടക്കനടപടിക്ക് വിധേയമായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കേസുകൾ ഡി.പി.സി. പരിശോധിച്ച ശേഷമാണ് ഗവണ്മെന്റിൽ റിപ്പോർട്ട് ചെയ്തത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ സ്വത്തു വിവരങ്ങൾ

42 (997) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് ഉദ്യോഗസ്ഥർ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് ഇൻസ്പെക്ടർമാരും സർക്കിൾ ഇൻസ്പെക്ടർമാരും വാർഷിക പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തേയ്ക്ക് എത്ര എക്സൈസ് ഇൻസ്പെക്ടർമാർ സ്വന്തം പേരിലോ ഭാര്യയുടെ പേരിലോ കുട്ടികളുടെ പേരിലോ സ്ഥാവര സ്വത്ത് സമ്പാദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് വകുപ്പിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എക്സൈസ് ഇൻസ്പെക്ടർമാർ നൽകിയ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റും അവരുടെ യഥാർത്ഥ സ്വത്തും തമ്മിൽ യോജിപ്പുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എട്ട് എക്സൈസ് ഉദ്യോഗസ്ഥന്മാർ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുള്ളതായി ആരോപണമുണ്ടായതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരികയാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ അഞ്ചുകൊല്ലത്തിനിടയ്ക്ക് 17 എക്സൈസ് ഇൻസ്പെക്ടർമാർക്ക് സ്ഥാവരസ്വത്ത് സമ്പാദിക്കുന്നതിന് എക്സൈസ് വകുപ്പു അനുവാദം നൽകിയിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റും യഥാർത്ഥ സ്വത്തും തമ്മിൽ അന്തരമുണ്ടെന്ന് ആരോപണം ലഭിക്കുന്ന പക്ഷം ഇക്കാര്യം വിജിലൻസ് വിഭാഗത്തിന് വിട്ട് അന്വേഷണം നടത്താവുന്നതാണ്.

വനഭൂമി ഏറ്റെടുത്തതുമൂലം കുടിയിറക്ക് ഭീഷണി നേരിടുന്ന കർഷകരുടെ പ്രശ്നങ്ങൾ

43 (998) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അവ ഏറ്റെടുക്കുന്നതിനു ശുപാർശ ചെയ്യാൻ സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെടുന്ന ഉപദേശകസമിതിയുടെ നിയമനം എപ്രകാരമായിരിക്കുമെന്നും ആയതിന്റെ ഘടനയും സ്വഭാവവും എന്തായിരിക്കുമെന്നും വെളിപ്പെടുത്തുമോ;

(സി) ഒരു വിഭാഗം കർഷകരെ ദ്രോഹിക്കാനാണ് വനം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതെന്ന് കർഷക സംഘടനകളുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനം ഓർഡിനൻസ് നിലവിൽ വന്നതുമൂലം നിരവധി കർഷകർ കുടിയിറക്ക് ഭീഷണി നേരിടുകയാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2000-ലെ കേരള വനം (പരിസ്ഥിതിശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

പാരിസ്ഥിതിക സൂക്ഷ്മചൈതന്യമാർന്ന വന പ്രദേശങ്ങൾ, സസ്യ-ജന്തു ജാലങ്ങൾ നിബിഡമായിട്ടുള്ള സ്ഥലങ്ങൾ, വംശനാശം സംഭവിക്കാൻ ഇടയുള്ളതും അപൂർവ്വവുമായ സസ്യ ജന്തുജാലങ്ങൾ, ജലസ്രോതസ്സുകൾ, രണ്ടോ അതിലധികമോ വന്യമൃഗ ആവാസ പ്രദേശങ്ങളെ കൂട്ടിയിണക്കുന്ന ഇടനാഴികൾ, വന്യമൃഗങ്ങളുടെ പ്രത്യുൽപ്പാദന പ്രദേശങ്ങൾ എന്നിവ സംരക്ഷിക്കുകയാണ്.

(ബി) പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ വേർതിരിച്ചറിയുന്നതിനും പ്രസ്തുത ഭൂപ്രദേശങ്ങളെ പരിസ്ഥിതി ശാസ്ത്ര

LIBRARY ARCHIVES Kerala Legislative Assembly